D 92333 (Pages : 3) Name..................................... 42

Reg. No..................................

# THIRD SEMESTER B.A. DEGREE EXAMINATION, NOVEMBER 2015

(CUCBCSS–UG)

Core Course—Malayalam

## MAL 3B 03—മലയാള കവിത–ഉത്തരഘട്ടം

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. $\frac{1}{2}$ മാർക്കു വീതം :

1 ആരെ സ്മരിച്ചപ്പോഴാണ് ഉർവശിക്ക് നൃത്തച്ചുവട് പിഴച്ചത് ?

2 'ദിവ്യദുഃഖത്തിന്റെ നിഴലിൽ ' എന്ന കവിതയിൽ താമരമൊട്ടായും തൊഴുകൈയായും കല്പിച്ചിരിക്കുന്നത് എന്തിനെ ?

3 'മറ്റൊരു വണ്ടിക്കാള'—ആരാണ് ?

4 കണ്ണിനു കഴിയുന്നിടത്തോളം ദൂരത്തിൽ മുന്നിൽ നിവർന്നു കിടന്നലറുന്ന എന്തിനെയാണ് കവി കണ്ടത് ?

5 മന്ദഗാമിനി, ഹേമന്തയാമിനി, ഘനശ്യാമ രൂപിണി—ഈ സംബോധനകൾ ആരെക്കുറിച്ചാണ് ?

6 'ധമ്മില്ലകം'—അർത്ഥമെഴുതുക.

7 "പൂവും നീട്ടിയപ്പൂവാലും കാട്ടി
കാവിലാ മാവിൻ കീഴിലൊരുത്തൻ"
—ആര് ?

8 അവസരോചിതൻ മിനിസ്റ്റർക്കു നൽകിയ വിളിപ്പേരെന്ത് ?

9 "മറവി മീൻ കൊത്തി വിഴുങ്ങി
നാം പണ്ട്
കഥകളോർത്തിട്ട
പൊന്മോതിരം ?"
—ഏതു കൃതിയിലെ സംഭവമാണ് ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത് ?

10 മാനസാന്തരം എന്ന കവിതയ്ക്കു പശ്ചാത്തലമായ സത്രം ഏതു സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത് ?

(10 × ½ = 5 marks)

Turn over

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്കു വീതം :

11 "ഉൾപ്രിയമോടെ കൺചായ്ച്ചപ്പോ-

ളുത്തരവായി പുരന്ദരൻ"

—ഉത്തരവ് എന്തായിരുന്നു ?

12 വിശ്വനായകന് കവി നൽകുന്ന വിശേഷണങ്ങൾ എന്തെല്ലാം ?

13 'ഒരു കവിൾ മോന്തണ, മതിനല്ലോ വന്നേൻ'—അതുകൊണ്ടുള്ള പ്രയോജനമെന്ത് ?

14 കാളവണ്ടിയുടെ സഞ്ചാരത്തെ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

15 "ദേഹ, മിതനിത്യ ;-

മതിനാലിന്നെ, നിക്കു നീ

ദേഹി നിൻ സുഖം"

—ആശയമെഴുതുക.

(5 × 2 = 10 marks)

III. ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും നൂറ്റമ്പത് വാക്കിൽ കവിയരുത്. 5 മാർക്ക് വീതം :

16 'നിന്റെ ജീവിതം നിൻ കാര്യം മാത്രം'—ആര് ആരോട് പറഞ്ഞതാണിത് ? സന്ദർഭം വിവരിച്ചെഴുതുക.

17 അവസരോചിതൻ മന്ത്രി നൽകിയ തസ്തികയിലിരുന്നുകൊണ്ട് പ്രവർത്തിച്ചതെന്തെല്ലാം ?

18 "പറയുന്നു നാം പ്രിയകഥക-

ളതുനേരം നമ്മുടെ

ചാരത്തു വന്നിരിക്കുന്നു കുട്ടികൾ"

—കഥകളിൽ തത്തയെയും കാക്കയെയും പറ്റിയുള്ള സൂചനകൾ വികസിപ്പിക്കുക.

19 സത്രത്തിലെ മുറിക്കുള്ളിൽ കുറ്റവാളി കണ്ട കാഴ്ചകൾ എന്തെല്ലാം ?

20 ഉർവശിയുടെ നൃത്തത്തെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെ ?

21 വിശ്വനായകന്റെ സർഗ്ഗലീലയുടെ പ്രത്യേകതകൾ എന്തെല്ലാം ?

22 'കാളകൾ' എന്ന കവിതയിൽ ഒരു നാൾ ഗ്രാമവീഥിയിൽ കവി കണ്ട കരളു നടുങ്ങുന്ന ദൃശ്യം എന്തായിരുന്നു ?

(5 × 5 = 25 marks)

IV. ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും 300 വാക്കിൽ കവിയരുത്. 10 മാർക്ക് വീതം :

23 ഉർവശിയുടെയും പുരൂരവസ്സിന്റെയും കഥയ്ക്ക് വിഷ്ണുനാരായണൻ നമ്പൂതിരി നൽകുന്ന വ്യാഖ്യാനമെന്ത് ?

24 തള്ളക്കോഴി കുഞ്ഞുങ്ങൾക്കു പകർന്നു കൊടുത്ത ചരിത്രവും വർത്തമാനവും സ്വന്തവാക്യങ്ങളിൽ എഴുതുക :

25 ചെമ്മനം ചാക്കോയുടെ അവസരോചിതൻ ചിരഞ്ജീവിയായ കഥാപാത്രമാണ്—സമർത്ഥിക്കുക.

26 'മൃത്യുപൂജ അവതരിപ്പിക്കുന്ന ദർശനം പ്രതിലോമകരമാണ്—ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

27 'ആയിരം നാവുള്ള മൗനം' എന്ന കവിതയുടെ ദാർശനിക ഗൗരവത്തെപ്പറ്റി ഉപന്യസിക്കുക.

28 'കാളകൾ' എന്ന കവിതയിൽ തെളിയുന്ന മാനവികതാബോധത്തിന്റെ സ്വഭാവമെന്ത് ?

(4 × 10 = 40 marks)